**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1404** **18-01-2021 - ൽ മറുപടിയ്ക്ക്**

**വൈത്തിരി താലൂക്കിൽ അനുവദിച്ച പ്രളയദുരിതാശ്വാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വൈത്തിരി താലൂക്കിൽ പ്രളയ ദുരിതാശ്വാസമായി എത്രയാളുകൾക്ക് പതിനായിരം രൂപ വീതം അനുവദിച്ചു; പ്രസ്തുത ദുരിതാശ്വാസം ഇനി ആർക്കെങ്കിലും ലഭിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന് കാരണമെന്താണ്; | (എ) | 2018-ലെ പ്രളയത്തിൽ ദുരന്ത ബാധിതരായ വൈത്തിരി താലൂക്കിലെ 3822 പേർക്കും, 2019-ലെ പ്രളയത്തിൽ ദുരന്ത ബാധിതരായ 8801 പേർക്കും 10000 രൂപ വീതം അടിയന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലെ പിശകുകൾ കാരണം പൂർണ്ണമായും ദുരിതാശ്വാസ സഹായം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. സാങ്കേതിക പിശകുകൾ പരിശോധിച്ച് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രളയത്തിൽ വൈത്തിരി താലൂക്കിലെ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും വീടിന് നാശനഷ്ടം സംഭവിച്ചവർക്കും എത്ര രൂപ വീതം അനുവദിച്ചു; ഇത്തരത്തിലുള്ള നഷ്ടപരിഹാരം ഇനി ആർക്കെങ്കിലും ലഭിക്കാൻ ബാക്കിയുണ്ടോ; | (ബി) | 2018, 2019-കളിലെ പ്രളയത്തിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപ വീതവും, ഭാഗികമായി വീടിന് നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോത് അനുസരിച്ചും (0-15% - 10,000, 16-19% - 60,000, 30-59% - 1,25,000, 60-74% -2,50,000) ധനസഹായം അനുവദിക്കുന്നു. ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകളിലെ പിശക് കാരണം ട്രഷറിയിൽ നിന്ന് മടങ്ങിയ കേസുകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | വൈത്തിരി താലൂക്കിൽ പ്രളയത്തിൽ വീടോ സ്ഥലമോ നഷ്ടപ്പെട്ട ആളുകൾ എത്രയാണ്; ഇവർക്ക് എത്ര രൂപ ഇതിനായി അനുവദിച്ചു; ഈ വിഭാഗത്തിൽ ഇനി ആർക്കെങ്കിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വിശദമാക്കാമോ? | (സി) | 2018 പ്രളയത്തിൽ വീടും, വീടും സ്ഥലവും കൂടിയോ നഷ്ടപ്പെട്ട 468 പേർക്ക് 16,79,07,820 രൂപയും, 2019 പ്രളയത്തിൽ വീടും, വീടും സ്ഥലവും കൂടിയോ നഷ്ടപ്പെട്ട 2802 പേർക്ക് 17,57,80,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഭൂമി ഇതുവരെയും കണ്ടെത്താത്ത ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ